പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട്

2 (*212)ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. ജോർജ് ജെ. മാത്യു :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കാർഷിക വിളകളാണ് വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുന്നത്,

(ബി) വിലയിടിവ് നേരിടുന്ന കാർഷിക വിളകൾ കൃഷി ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് രൂപീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) റബ്ബർ, നാളികേരം, അടയ്ക്ക, കാപ്പി, തേയില എന്നീ കാർഷിക വിളകൾ

(ബി) ഫണ്ട് നിലവിലുണ്ട്.

ശ്രീ. എഴുകോൺ നാരായണൻ : സർ, നാളികേരത്തിന്റെ വിലയിടിവ് മൂലം കൃഷിക്കാർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കേന്ദ്ര ഗവൺമെന്റ് കൊപ്രയ്ക്കാണ് മിനിമം സപ്പോർട്ട് പ്രൈസ് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്നത്. ഈ വർഷം വളരെ വൈകിയാണെങ്കിലും കേന്ദ്ര ഗവൺമെന്റ് കൊപ്രയുടെ മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുകയും നാഫെഡ് അവരുടെ ഏജൻസി വഴി മിനിമം സപ്പോർട്ട് വിലയ്ക്ക് കൊപ്ര ശേഖരിച്ചു കൊണ്ടിരിക്കുകയുമാണ്. ഇതിനകംതന്നെ 40,000 ടണ്ണിലധികം കൊപ്ര ശേഖരിച്ച് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

ശ്രീ. എഴുകോൺ നാരായണൻ : സർ, റബ്ബറിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : റബ്ബറിന്റെ വില പിടിച്ചുനിർത്താൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികൾ വഴി മാർക്കറ്റ് വിലയേക്കാൾ കിലോഗ്രാമിന് 50 പൈസ വീതം അധികം നൽകി, ഒരു കിലോഗ്രാമിന് 50 പൈസ കൈകാര്യച്ചെലവ് നൽകിക്കൊണ്ട് റബ്ബർ വാങ്ങി ശേഖരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പർച്ചേസ് ടാക്സ് എസ്.ടി.സി.ക്ക് ഇളവ് ചെയ്തുകൊടുക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, പ്രൈസ് സ്റ്റബിലൈസേഷൻ ഫണ്ട് മാർക്കറ്റിൽ ഇന്റർവീൻ ചെയ്യുന്നതിന് വിനിയോഗിക്കുന്നുണ്ടോ; അതോ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി മാത്രമാണോ വിനിയോഗിക്കുന്നത്; ഈ ഫണ്ടിന്റെ വിനിയോഗത്തെപ്പറ്റിയുള്ള വിശദീകരണം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇവിടെ ഒരു പ്രൈസസ് ബോർഡുണ്ട്. ആ പ്രൈസസ് ബോർഡിന്റെ നിർദ്ദേശമനുസരിച്ചാണ് ഈ ഫണ്ട് ചെലവഴിക്കുന്നത്. മാർക്കറ്റിൽ ഇടപെടുകയാണ് പ്രധാനമായിട്ട് ചെയ്യുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപയാണുള്ളത്. പ്രധാനമായിട്ടും കൊയ്ത്ത് സീസണിൽ നെൽവില താഴ്ന്നുപോകാതിരിക്കാൻവേണ്ടി പ്രത്യേക സംരക്ഷണം നൽകി സഹകരണസംഘങ്ങൾ വഴി നെല്ല് ശേഖരിക്കുന്നതിനും ശേഖരിക്കുന്ന ഓരോ കിന്റൽ നെല്ലിനും 60 രൂപ വീതം ഹാൻഡിലിംഗ് ചാർജ്ജ് നൽകുന്നതിനും ഈ ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നുണ്ട്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : റബ്ബർ, നാളികേരം, അടയ്ക്ക, കാപ്പി, തേയില എന്നീ കാർഷികവിളകളാണ് വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുന്നത് എന്നാണ് 'എ' ചോദ്യത്തിന് ഉത്തരം നൽകിയിരിക്കുന്നത്. അതിൽ നെല്ല് പറഞ്ഞിട്ടില്ല. അതേസമയം ഈ ഫണ്ട് നെല്ലിനാണ് പോയിരിക്കുന്നത്. നാളീകേരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം വിലയിടിവ് മാത്രമല്ല തെങ്ങിന് മാരാരോഗം വന്നതുകാരണം ഉൽപ്പാദനംതന്നെ ഭീമമായി കുറഞ്ഞിരിക്കുകയാണ്. അതിന് പ്രാദേശികതലത്തിൽ, നാളികേരം കൃഷിചെയ്യുന്ന സ്ഥലങ്ങളിലെ മണ്ണ് പരിശോധിച്ച് ഇടവിള ചെയ്യാനുള്ള സാഹചര്യമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഓരോ പ്രദേശത്തേയും മണ്ണിന്റെ ഘടന പരിശോധിച്ച് വ്യാപകമായ രീതിയിൽ ഇടവിള ചെയ്യാനുള്ള സഹായം തെങ്ങ് കൃഷിക്കാർക്ക് നൽകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ഈ വർഷം കുരുമുളക് കൃഷി ഇടവിളയായി വ്യാപിപ്പിക്കാൻ ആവശ്യമായിട്ടുള്ള സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ഡോ. എം.എ. കുട്ടപ്പൻ : സർ, ചോദ്യം (എ)-ക്ക്, മറുപടിയായി അങ്ങ് പറഞ്ഞത് റബ്ബർ, നാളികേരം, തേയില, കാപ്പി, അടയ്ക്ക എന്നീ കാർഷികവിളകൾക്ക് വിലയിടിഞ്ഞുവെന്നാണ്. ഈ കാർഷിക വിളകൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് 1998-99, 1999-2000 വർഷങ്ങളിൽ എന്തു മാത്രം നഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ? കാർഷിക വായ്പ എടുത്ത് ബുദ്ധിമുട്ടുന്ന കർഷകർക്ക് അവരുടെ വായ്പക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഗവൺമെന്റ് അതിന്റെ നഷ്ടം പരിശോധിച്ചുവരുന്നതേയുള്ളൂ. 1998-ൽ ആയിരം അടയ്ക്കയ്ക്ക് 523 രൂപയായിരുന്നു. 1999-ൽ 1056 രൂപ, 2000-ത്തിൽ 523 രൂപ. ഇതാണ് അടയ്ക്കയുടെ കഴിഞ്ഞ മൂന്നുവർഷത്തെ വിലനിലവാരം. കൃത്യമായി എത്ര നഷ്ടം കൃഷിക്കാർക്ക് സംഭവിച്ചിട്ടുണ്ടെന്നുള്ളതു സംബന്ധിച്ച കണക്ക് ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ഡോ. എം.എ. കുട്ടപ്പൻ : ഇൻഡ്യാ ഗവൺമെന്റിന്റെ പുതിയ EXIM പോളിസിയുടെ അടിസ്ഥാനത്തിൽ ഒട്ടേറെ കാർഷികഉൽപ്പന്നങ്ങൾ ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കുറയുന്നു. അതുകൊണ്ട് അങ്ങനെ ഇറക്കുമതി ചെയ്യുന്ന ഏജൻസികളിൽനിന്നും ആന്റി ഡംമ്പിംഗ് ഡ്യൂട്ടി ഈടാക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ, ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്തായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയമല്ല, 1991 മുതലുള്ള കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികനയത്തിന്റെ ഫലമായിട്ടാണ് ഇറക്കുമതി ഉദാര വൽക്കരിക്കപ്പെട്ടത്. ഒരു കാരണവശാലും നമ്മുടെ രാജ്യത്തുൽപ്പാദിപ്പിക്ക പ്പെടുന്ന സാധനങ്ങൾ ഇറക്കുമതി ചെയ്ത് ഡമ്പ് ചെയ്യാൻ പാടില്ലായെന്ന് വ്യക്തമായ വ്യവസ്ഥയുണ്ട്. അങ്ങനെ ചെയ്യുന്നുണ്ടോയെന്ന് പരിശോധി ക്കാൻ ഒരു 'ഡയറക്ടറേറ്റുണ്ട്. മുമ്പ് ഒരു കാലഘട്ടത്തിലുമില്ലാത്തവിധം സസ്യഎണ്ണ ഇറക്കുമതി ചെയ്ത് ഡമ്പ് ചെയ്തിരിക്കുകയാണ്. ഇത് പരി ശോധിക്കണമെന്നും നടപടിയെടുക്കണമെന്നും സംസ്ഥാന ഗവൺമെന്റ് പലവട്ടം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു നടപടിയും കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല.

ശ്രീ. പി. വിശ്വൻ : സർ, നാളികേരത്തിന് ഉൽപ്പാദനവർദ്ധനവ് ഉണ്ടാ യിക്കൊണ്ടിരിക്കുകയാണ്, ഉൽപ്പാദനക്ഷമതയും വർദ്ധിച്ചുകൊണ്ടിരിക്കുക യാണ്. 40 ലക്ഷത്തിലേറെ വരുന്ന നാളികേര കൃഷിക്കാർ നാളികേര വില യിടിവിന്റെ ഫലമായി പ്രയാസം അനുഭവിക്കുകയാണ്. ഈ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് കൊണ്ടൊന്നും അതിനെ നേരിടാൻ കഴിയുന്നി ല്ല. നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കാനുള്ള പഴയ നടപടി പൂർണ്ണ തയിലേയ്ക്ക് എത്തിക്കാൻ കേരള സർക്കാർ നടപടി ആവിഷ്ക്കരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കൊപ്രയുടെ മിനിമം സപ്പോർട്ട് പ്രൈസ് കേന്ദ്രഗവൺമെന്റാണ് പ്രഖ്യാപിക്കുന്നത്. മാർക്കറ്റ് വില അതിനേക്കാൾ താഴെയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസിയായ നാഫെഡ് വഴി കൊപ്ര ശേഖരിക്കുക എന്നുള്ളതാണ് നിലവിലുള്ള സംവി ധാനം. നമ്മുടെ സംസ്ഥാനത്തെ തെങ്ങ് കൃഷിക്കാരിൽ പത്ത് ശതമാനത്തി ലധികംപേർ കൊപ്ര ഉണ്ടാക്കുന്നില്ല. അതുകൊണ്ട് നാഫെഡിന്റെ ഏജൻസികൾ വഴി തെങ്ങ് കൃഷിക്കാരിൽനിന്ന് നാളികേരം വാങ്ങി കൊപ്ര യാക്കി വിൽപ്പന നടത്തുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം, അതി നുള്ള സഹായമുണ്ടാകണം, അതിനുള്ള നടപടി സ്വീകരിക്കണം എന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറ ഞ്ഞതനുസരിച്ച് കേരളത്തിൽ പത്ത് ശതമാനംപോലും കൃഷിക്കാർ കൊപ്ര ഉണ്ടാക്കുന്നില്ല. അതൊരു വസ്തുതയാണ്. പത്ത് ശതമാനമല്ല, അഞ്ച് ശത മാനംപോലും കൊപ്ര ഉണ്ടാക്കുന്ന ആളുകളില്ല. ഏതായാലും താങ്ങുവില അനുസരിച്ച് കൊപ്ര സംഭരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. തൃശൂർ ജില്ലയി ലാണെങ്കിൽ രണ്ടു മൂന്നു സ്ഥലത്തുമാത്രമേ കൊപ്ര സംഭരിക്കുന്നുള്ളൂ. അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന കച്ചവടക്കാരുടേയും മില്ലുകാരുടേയും കൊപ്ര യാണുള്ളത്. മില്ലുകാർ 22 രൂപയ്ക്ക് കൊപ്ര വാങ്ങിച്ച് 32 രൂപയ്ക്ക് ഈ സെന്റേ ഴ്സിൽ കൊടുക്കുന്നു. അതുകൊണ്ട് കുറേക്കൂടി ആളുകൾ കൊപ്ര ഉണ്ടാക്കുന്ന തിന് പ്രോത്സാഹനം നൽകുന്ന തരത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിൽ ഒരു സ്ഥലത്തെങ്കിലും..... എല്ലാ പഞ്ചായത്തിലേയും സഹകര ണസംഘങ്ങൾ മാർക്കറ്റിംഗ് ഫെഡറേഷന്റേയോ നാഫെഡിന്റേയോ അംഗസം ഘങ്ങളാണ്. എല്ലാ സംഘങ്ങളും കൊപ്ര സംഭരിക്കുന്നതിന് ഇന്നത്തെ വിലയെ ങ്കിലും-ഇന്ന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച് വിലയെങ്കിലും ലഭ്യമാകുന്നവിധ ത്തിൽ കൃഷിക്കാരിൽനിന്ന് നേരിട്ട് കൊപ്ര സംഭരിക്കുന്നതിന് പ്രാദേശികതല

ത്തിൽ ഒരു പഞ്ചായത്തിൽ ഒരു സെന്ററെങ്കിലും തുറക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കൃഷിക്കാരുടെ കാര്യം ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തന്നെയാണ്. പത്ത് ശതമാനത്തോളം കൃഷിക്കാരേ കൊപ്ര ഉണ്ടാക്കുന്നുള്ളൂ. അവരുടെ കൊപ്ര ശേഖരിക്കുന്നതിന് ഇന്ന് നാഫെഡിന്റെ ഏജൻസികൾ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ആ സംവിധാനത്തിൽ പോരായ്മകളുണ്ടെങ്കിൽ അത് പരിശോധിച്ച് കൃഷിക്കാരുടെ കൊപ്ര വാങ്ങുന്നതിനാവശ്യമായിട്ടുള്ള സംവിധാനം പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കും.

ശ്രീ. എം.വി. ജയരാജൻ : സർ, കാർഷികവിളകൾ ഇപ്പോൾ വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുകയാണ്. അത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഇപ്പോൾ മന്ത്രി തന്നെ വ്യക്തമാക്കിയതുപോലെ റബ്ബർ, നാളികേരം എന്നിവ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളാണ് ഗുരുതരമായ വിലയിടിവ് നേരിടുന്നത്. ഈ ഗവൺമെന്റ് ഇത്തരത്തിലുള്ള ഉൽപ്പന്നങ്ങളുടെ വില നിർണ്ണയിക്കാൻ വേണ്ടി വല്ല സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ; ആ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; വില നിർണ്ണയബോർഡ്പോലെ എന്തെങ്കിലും സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സംസ്ഥാന ഗവൺമെന്റ് വില നിർണ്ണയിക്കുന്ന സംവിധാനം ഉണ്ടായിരുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ വില നിർണ്ണയ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഓരോ സീസണിലും കൊപ്രയുടെ സപ്പോർട്ട് പ്രൈസ് തീരുമാനിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾക്ക് രൂപം കൊടുക്കാൻ ഒരു പ്രൈസസ് ബോർഡ് കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ സപ്പോർട്ട് പ്രൈസ് സംബന്ധിച്ച് അതിന്റെ ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തിയാണ് ആ ബോർഡ് പ്രധാനമായിട്ടും റിപ്പോർട്ട് തയ്യാറാക്കുന്നത്. എന്നാൽ 1997 മുതൽ ഇവിടെ വിരിപ്പു കൊയ്ത്തുകാലത്ത് നെല്ലിന് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുന്നതിനും ആ വിലയ്ക്ക്, അതിനേക്കാൾ താഴെയാണ് മാർക്കറ്റ് വിലയെങ്കിൽ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വിലയ്ക്ക് സഹകരണസംഘങ്ങൾ വഴിയും വെയർഹൗസിംഗ് കോർപ്പറേഷൻ വഴിയും നെല്ല് ശേഖരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. ഇ.എം. അഗസ്തി : സർ, ബഹുമാനപ്പെട്ട മന്ത്രി, സഭയിൽ നൽകിയ മറുപടി അനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ റബ്ബർ, നാളികേരം, അടയ്ക്ക, കാപ്പി, തേയില എന്നിവയെല്ലാം നഷ്ടത്തിലാണ്. ഇപ്പോൾ കുരുമുളകും വിലത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന് വരുമാനമുണ്ടാക്കുന്ന എല്ലാ കാർഷികോൽപ്പന്നങ്ങളും അതുമൂലം വലിയ തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് മന്ത്രിയുടെ ഉത്തരത്തിൽ നിന്ന് വ്യക്തമാക്കുന്നത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഡോ. എം.എ. കുട്ടപ്പൻ സൂചിപ്പിച്ചതുപോലെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? കേരളത്തിലെ നാണ്യവിളകളെല്ലാം പ്രതിസന്ധി നേരിടുന്ന സമയത്ത് അതിനെ അതിജീവിക്കാൻ ഒരു മോറട്ടോറിയം ഫണ്ട് രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഒറ്റവാക്കിൽ മറുപടി പറയേണ്ടതല്ല. അതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും പഠിച്ചതിനുശേഷം തീരുമാനിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് കേരളത്തിലെ നാളികേര കൃഷിക്കാരുടെ കൊപ്ര വാങ്ങുന്നതിനു വേണ്ടി വിനിയോഗിക്കേണ്ടതാണ്. ഇപ്പോൾ നാഫെഡും മാർക്കറ്റിംഗ് ഫെഡറേഷനും വാങ്ങുന്നത് തമിഴ്നാട്ടിലേയോ കർണ്ണാടകത്തിലേയോ കൃഷിക്കാരുണ്ടാക്കുന്ന കൊപ്രയാണ്. അതിൽ വ്യാപകമായ അഴിമതിയുണ്ട്. ഇവിടെ ബഹുമാനപ്പെട്ട വിശ്വനാഥൻ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്കുകൾ കൃഷിക്കാരിൽനിന്നും സംഭരിക്കുന്ന കൊപ്ര ഈ കേന്ദ്രങ്ങളിൽ കൊണ്ടുചെന്നാൽ എടുക്കാതെ തിരിച്ചു വിടുകയും തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന കൊപ്ര ഏതെങ്കിലും കടലാസ് സംഘങ്ങൾ-മാർക്കറ്റിംഗ് സംഘങ്ങൾ,' ലികിഡേഷനിൽ ആകാതെ കിടക്കുന്നത്, ഒരു തരത്തിലും പ്രവർത്തിക്കാത്ത സംഘങ്ങൾ മുഖേന കൊണ്ടുവന്ന് ലക്ഷക്കണക്കിന് രൂപ തട്ടിക്കൊണ്ടുപോവുകയും ചെയ്യുന്ന നടപടി അവസാനിപ്പിച്ച് സർവ്വീസ് സഹകരണസംഘങ്ങൾ കൊണ്ടുവരുന്ന കൊപ്ര മാത്രമേ സംഭരിക്കാവൂ എന്ന നിർദ്ദേശം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കർണ്ണാടകത്തിൽനിന്നും തമിഴ്നാട്ടിൽനിന്നും കൊപ്ര വരുന്നു എന്നുള്ളത് പൂർണ്ണമായും വിശ്വസിക്കേണ്ട കാര്യമില്ല. അവിടത്തെ കൊപ്രയ്ക്ക് 3,250 രൂപയുടെ സപ്പോർട്ട് പ്രൈസുണ്ട്. കേരളത്തിൽ മാത്രമല്ല, കർണ്ണാടകയിലെ കൊപ്രയ്ക്കും തമിഴ്നാട്ടിലെ കൊപ്രയ്ക്കും സപ്പോർട്ട് പ്രൈസ് ഉണ്ട്. പിന്നെ ആ കൊപ്ര കേരളത്തിൽ കൊണ്ടുവരേണ്ട കാര്യമുണ്ടോ? നമ്മൾ ആലോചിക്കണം. നമുക്ക് വിശ്വസിക്കാൻ കഴിയാവുന്നത്, കൃഷിക്കാരൊക്കെ അംഗങ്ങളായിട്ടുള്ള സോഷ്യലിസത്തിനു മുമ്പുള്ള ഇടക്കാല ഘട്ടത്തിലെ സംവിധാനമാണ് സഹകരണ പ്രസ്ഥാനം. അതിലെ അംഗങ്ങൾ കേരളത്തിലെ കർഷകരാണ്. അവർ തെരഞ്ഞെടുത്ത ഡയറക്ടർ ബോർഡാണ്. അവരെ അവിശ്വസിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. സർവ്വീസ് സംഘങ്ങളും മാർക്കറ്റിംഗ് സംഘങ്ങളുമാണ് കൊപ്ര ശേഖരിക്കുന്നത്. അതിനകത്ത് എന്തെങ്കിലും അഴിമതിയോ, പ്രശ്നങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ ഏത് അന്വേഷണം നടത്താനും സംസ്ഥാന ഗവൺമെന്റ് തയ്യാറാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം വിജിലൻസ് എൻക്വയറി നടത്തണമെന്നുള്ളതാണ്. അതിന് തയ്യാറാണ്.

ശ്രീ. കെ.കെ രാമചന്ദ്രൻ മാസ്റ്റർ : സർ, കാപ്പിയുടെ വില 130 രൂപയിൽനിന്ന് 30 രൂപ വരെയായി കുറഞ്ഞിട്ടുണ്ട്. പലതവണ കാപ്പി കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതാണ്. ആകെ ഗവൺമെന്റ് ചെയ്തിരിക്കുന്നത് രണ്ട് മാസത്തേക്ക് എട്ട് ശതമാനം നികുതി നാലു ശതമാനമാക്കി കുറച്ചതാണ്. കാപ്പിക്ക് താങ്ങുവില പ്രഖ്യാപിച്ചെങ്കിൽ മാത്രമേ കേരളത്തിലെ കാപ്പി കൃഷിക്കാർ രക്ഷപ്പെടുകയുള്ളൂ. ഇതിനു മുമ്പ് താങ്ങുവില പ്രഖ്യാപിച്ച പ്രീസിഡെൻസുണ്ട്. 1982-87 കാലഘട്ടത്തിൽ നാളീകേരവും അതുപോലെതന്നെ റബ്ബറും വിവിധ ഏജൻസികൾ മുഖേന കേരള ഗവൺമെന്റ് തന്നെ സംഭരിച്ചിട്ടുണ്ട്. അതുപോലെതന്നെ വില കൂട്ടി കാപ്പി സംഭരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കാപ്പിയുടെ വില കുറഞ്ഞു പോയിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഇതിന് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിനോട് ഒരു കിലോഗ്രാം കാപ്പിക്ക് 75 രൂപ മിനിമം സപ്പോർട്ട് പ്രൈസായി പ്രഖ്യാപിക്കണമെന്നും ആ വിലയ്ക്ക് കർഷകരിൽ നിന്നും കാപ്പി ശേഖരിച്ച് സംഭരിച്ച് വയ്ക്കണമെന്നും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്,. ദക്ഷിണേൻഡ്യയിലെ കാപ്പി കൃഷിക്കാരുടെ യോഗത്തിന്റെ ആവശ്യമായിരുന്നു 8% എന്നുള്ള അവരുടെ ടാക്സ് 4 ശതമാനമായി കുറയ്ക്കണമെന്നുള്ളത്. ആ ആവശ്യം സംസ്ഥാന ഗവൺമെന്റ് പ്രത്യേകിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അംഗീകരിച്ചിട്ടുണ്ട്. മറ്റു പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റുമായി അടുത്തദിവസം ചർച്ച ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ക്രോപ് ഇൻഷ്വറൻസ് പദ്ധതി

3 (*213)ശ്രീ. എ.കെ. മണി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിളകൾക്കാണ് ക്രോപ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയിൽ ചേരുന്നതിന് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ ചെയ്തുവരുന്നു;

(സി) കൃഷിനാശത്തിന് തുല്യമായ തുക ഈ പദ്ധതിപ്രകാരം കർഷകന് നൽകുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) സംസ്ഥാനത്തെ 25 പ്രധാന കാർഷിക വിളകളായ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാംപു, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിംപ്, പുകയില, നെല്ല് തുടങ്ങിയവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടത്തിയിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ഏർപ്പെടുത്തിയിട്ടുണ്ട്. നഷ്ടപരിഹാരത്തോത് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(സി) പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് ഒരു പരിധിവരെ നഷ്ടപരിഹാരം നൽകുക എന്നതാണ് കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം. ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാരത്തോത് വിള തിരിച്ച് അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

---

† അനുബന്ധം I

†

LIBRARY ARCHIVES Kerala Legislative Assembly